ഫെബ്രുവരി 8, 2014

# അഗസ്റ്റ വെസ്റ്റ്ലന്റ് കേസിൽ രാജ്യസഭയിൽ പ്രതിരോധ മന്ത്രിയുടെ പ്രസ്താവന

അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

ഫെബ്രുവരി 5, 2014 ന് പ്രതിരോധമന്ത്രി എ.കെ.ആന്റണി രാജ്യസഭയിൽ ഒരു സ്വയം പ്രസ്താവന നടത്തി. ഇറ്റലി കോടതിയിൽ പ്രോസിക്യൂഷൻ വിഭാഗം സമർപ്പിച്ച രേഖകൾ ആധാരമാക്കിക്കൊണ്ടുള്ള ഒരു പത്ര റിപ്പോർട്ടായിരുന്നു ആധാരം. പ്രതിരോധമന്ത്രി പറഞ്ഞത് ഗുയ്ഡോ ഹാഷ്കേയിൽനിന്നു പിടിച്ചെടുത്ത നിർണായക രേഖകളിൽ രണ്ടു പ്രസ്താവനകളുണ്ടെന്നാണ്. ഫാം എന്ന വാക്ക് ഫാമിലിയാണെന്നും അത് ത്യാഗി ഫാമിലിയെക്കുറിച്ചാണെന്നും കരുതുന്നതായി അദ്ദേഹം പറഞ്ഞു. എന്നാൽ "എപി" എന്ന വാക്ക് വിശദീകരിക്കാൻ അദ്ദേഹത്തിനായില്ല. ചില ഇന്ത്യൻ നേതാക്കളുമായി ബന്ധപ്പെട്ട് ക്രിസ്ത്യൻ മിഷേലിന്റേതായി മറ്റൊരു രേഖയുണ്ടെന്നും അദ്ദേഹം പറഞ്ഞു. മന്ത്രിയോട് വിശദീകരണം ചോദിക്കണമെന്നുണ്ടെങ്കിലും പാർലമെന്റിലെ തടസ്സങ്ങൾ അതിന് സമ്മതിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. മന്ത്രി വിശദീകരിക്കേണ്ട ചില സംശയങ്ങൾ ഞാൻ ഉയർത്തുന്നു. 2008 മാർച്ച് 15 ന് ഇറ്റാലിയൻ ഇടനിലക്കാരനിൽനിന്ന് കിട്ടിയ രേഖകൾ കാണിക്കുന്നത് ഇന്ത്യയെക്കുറിച്ചുള്ള ഇറ്റാലിയൻ ഇടനിലക്കാരന്റെ കാഴ്ചപ്പാടാണ്. അതിൽ പറയുന്നു, "വിഐപിയുടെ പിന്നിലെ നിയന്ത്രണ ശക്തി ശ്രീമതി ഗാന്ധിയാണ്, അവർ ഇനി എംഐ-8 ൽ പറക്കില്ല" എന്ന്. ആ രേഖയിൽ ശ്രീമതി ഗാന്ധിയുമായി അടുപ്പമുള്ള മന്ത്രിമാരുടേയും പാർട്ടി ഭാരവാഹികളുടേയും പേരുകൾ പറയുന്നു. അക്കൗണ്ട് ഷീറ്റ് വേറെ കണ്ടുകെട്ടിയിട്ടുണ്ട്. 'രാഷ്ട്രീയപരം' എന്ന പേരിലുള്ള അതിലാണ് 'എപി' എന്ന പരാമർശം. അടുത്ത ഇനമാണ് ഫാം അതാണ് കുടുംബം ആണെന്നിപ്പോൾ സമ്മതിച്ചിരിക്കുന്നത്.

ഇടപാടിൽ കോഴയുണ്ടായിട്ടുണ്ടെന്നും നമ്മുടെ സംവിധാനം അട്ടിമറിക്കപ്പെട്ടിട്ടുണ്ടെന്നും സമ്മതിച്ചു കഴിഞ്ഞ കാര്യമാണ്. അതുകൊണ്ടുതന്നെ കരാർ റദ്ദാക്കി. ഞാൻ നേരത്തെ പറഞ്ഞ കാര്യമാണ് ഈ രേഖകളുടെ കണ്ടുകെട്ടൽ പഴയ ബോഫോഴ്സ് കേസിന് ആധാരമായ അർഡ്ബോ ഡയറിയിലെ 'ക്യു' എന്ന വാക്കിനെ ഓർമിക്കുന്നുവെന്ന്. ഇപ്പോൾ വളരെ വ്യക്തമാണ് ആരാണ് 'ക്യു' എന്ന്. ഒരു ഡയറിയിലെ ചുരുക്കപ്പേര് എന്താണെന്ന് കണ്ടെത്തുന്നത് രാഷ്ട്രീയ പോരാട്ട വേദിയിൽ റോക്കറ്റ് സയൻസോ മറ്റോ ആണ്. ഇടനിലക്കാരനെ 'ഫാമിലി' എന്ന് പരാമർശിക്കുന്നത് അസാധാരണമല്ലെ. സാധാരണ സാഹചര്യത്തിൽ വാക്കിന്റെ അർത്ഥം വ്യക്തമാണ്. പക്ഷേ 'ഫാമിലി' എന്ന വാക്കിന് ഇന്ത്യയിൽ നിലവിലുള്ള അർത്ഥമല്ലാതെ മറ്റൊരിടത്തും തേടിപ്പോകുന്നതെന്തിനാണ്?